പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6690 09.11. 2016 ൽ മറുപടിക്ക്

## ഊർജ്ജ ക്ലിനിക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>" വി.ടി.ബൽറാം<br>" അനിൽ അക്കര<br>ശ്രീ.ഷാഫീ പറമ്പിൽ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)ഊർജ്ജ ക്ലിനിക് പദ്ധതി പ്രകാരം മുൻസർക്കാർ എന്തെല്ലാം പ്രവർത്തനങ്ങ-ളാണ് ഊർജ്ജ രംഗത്ത് നടത്തിയതെന്ന് വിശദമാക്കു -മോ; | (എ) ഇ.എം.സി യുടെ നേതൃത്വത്തിൽ നടത്തി വരുന്ന ഊർജ്ജക്ലിനിക് പദ്ധതി പ്രകാരം സ്ത്രീകളായ എനർജി ക്ലിനിക് വാളണ്ടിയർമാർ വീടുകൾ സന്ദർശിച്ച് ഊർജ്ജ ഉപയോഗം പഠിക്കുകയും അതനുസരിച്ചുള്ള ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ ഊർജ്ജസംരക്ഷണ ലഘുലേഖകൾ വിതരണം ചെയ്തു. |
| (ബി)ഈ പദ്ധതി അനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടിക ളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദാം-ശങ്ങൾ നൽകുമോ; | (ബി) ഈ പദ്ധതി അനുസരിച്ച് ഈ വർഷം ക്ലിനിക് വാളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കാനും കൂടുതൽ പഞ്ചായത്തുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കാനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) ഇതിനായി ഭരണതല-ത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി)ക്ലിനിക്ക് വാളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ജില്ലകൾ തോറും സ്ത്രീകളെ തെരഞ്ഞെടുത്ത് ഇവർക്കായി ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ